# നിർദ്ദിഷ്ട തീയതിക്കുള്ളിൽ മുൻകൂർ നിക്ഷേപം നടത്തിയില്ലെന്ന കാരണത്താൽ ഹർജി തള്ളിക്കളഞ്ഞത് തെറ്റായ നടപടി

## മദ്രാസ് ഹൈക്കോടതി

C.M.A. No. 278/2021 Dt. 16.2.2021

ശ്രീ ഭവാനി ടെക്സ്റ്റൈൽസ് പ്രോസസ്സേഴ്സ് (പി) ലിമിറ്റഡ്

x

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷൻ

സ്ഥാപനത്തിന്റെ ഇ.എസ്.ഐ. വിഹിതം നിർണ്ണയിച്ച് പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് തൊഴിലുടമ എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ ഹർജി സമർപ്പിച്ചു. ഇ.എസ്.ഐ. വിഹിതമായി 14,51,951 രൂപ നല്കണമെന്നാണ് ഇ.എസ്.ഐ. ഡയറക്ടർ ഉത്തരവിലൂടെ നിർദ്ദേശിച്ചത്. ഹർജി ഫയലിൽ സ്വീകരിക്കുന്നതിനുള്ള മുൻ ഉപാധിയായി 3,62,988 രൂപയുടെ മുൻകൂർ നിക്ഷേപം നടത്തണമെന്ന് ഇൻഷുറൻസ് കോടതി ഉത്തരവിട്ടു. 15.11.2019-നു മുമ്പ് പണം കെട്ടിവയ്ക്കണമെന്നും ഇൻഷുറൻസ് കോടതി നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത തീയതിക്കുള്ളിൽ പണം നിക്ഷേപിക്കാൻ തൊഴിലുടമയ്ക്ക് സാധിച്ചില്ല. സമയം നീട്ടിത്തരണമെന്ന അപേക്ഷ നിരസിച്ച ഇൻഷുറൻസ് കോടതി സ്ഥാപനത്തിന്റെ മുഖ്യ ഹർജിയും തള്ളിക്കളഞ്ഞു. ഇതിനെതിരെ സ്ഥാപനം ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. സാമ്പത്തിക ഞെരുക്കം മൂലമാണ് മുൻകൂർ നിക്ഷേപം യഥാസമയം നടത്താൻ സാധിക്കാതെവന്നതെന്നും പണം കെട്ടിവയ്ക്കാൻ തയ്യാറാണെന്നും ഇ.എസ്.ഐ. അധികൃതരുടെ ഉത്തരവ് റദ്ദാക്കാൻ ന്യായമായ കാരണങ്ങളുണ്ടെന്നും സ്ഥാപനം വാദിച്ചു. വിഹിതം നിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദാക്കുവാൻ മതിയായ യാതൊരു കാരണവുമില്ലെന്നും സ്ഥാപനത്തിന്റെ ഹർജി തള്ളിക്കളഞ്ഞതിൽ തെറ്റില്ലെന്നും ഇ.എസ്.ഐ. കോർപ്പറേഷൻ വാദിച്ചു. മുൻകൂർ നിക്ഷേപം നടത്താൻ കാലതാമസം നേരിട്ടത് സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുള്ള അനാസ്ഥകൊണ്ടല്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. കൃത്യ സമയത്ത് മുൻകൂർ നിക്ഷേപം നടത്തിയില്ലെന്ന കാരണത്താൽ മുഖ്യ ഹർജി അതിന്റെ ഗുണദോഷങ്ങൾ നോക്കാതെ തള്ളിക്കളഞ്ഞത് നീതിനിഷേധമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി ഇൻഷുറൻസ് കോടതിയുടെ ഉത്തരവ് റദ്ദാക്കി. 2.3.2021-നുള്ളിൽ മുൻകൂർ നിക്ഷേപം നടത്തണമെന്ന കർശന ഉപാധിയോടെ സ്ഥാപനത്തിന്റെ അപ്പീൽ ഹൈക്കോടതി അനുവദിക്കുകയും കേസ് പുനരെടുത്ത് വാദം കേട്ട് ഗുണദോഷമനുസരിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് എംപ്ലോയീസ് ഇൻഷുറൻസ് കോടതിക്ക് നിർദ്ദേശം നല്കുകയും ചെയ്തു.